ക്കായുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് വിഭാവനം ചെയ്യുന്നത്.

(ബി) തിരുവനന്തപുരത്തുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് കേരള സർക്കാരിന്റെയും, വേൾഡ് ഇന്ത്യാ ഡയബറ്റിക്സ് ഫൗണ്ടേഷന്റെയും സംയുക്ത സംരംഭമായി അമേരിക്കയിലെ മയോക്ലിനിക്കിലെ എൻഡോക്രിനോളജി വിഭാഗത്തിന്റെ സഹകരണത്തോടുകൂടി പ്രവർത്തനമാരംഭിച്ച സ്ഥാപനമാണ്. എന്നാൽ തുടർന്നുള്ള സഹകരണം യു.എസ്.-ലെ മയോക്ലിനിക്കിൽ നിന്നുണ്ടായില്ല. ജൂലൈ മാസത്തിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അമേരിക്കൻ സന്ദർശന വേളയിൽ യു.എസ്. മയോക്ലിനിക്കുമായി ഇതു സംബന്ധമായ ചർച്ച നടത്തുകയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന് റിസർച്ചിലും അക്കാഡമിക് തലത്തിലും ഭാവിയിലുള്ള വികസനത്തിനുമാവശ്യമായ ടെക്നിക്കൽ സഹായങ്ങൾക്കും ധാരണയായിട്ടുണ്ട്.

(സി & ഡി) ഈ പദ്ധതിയുടെ വിശദമായ രൂപം തയ്യാറായി വരുന്നതേയുള്ളൂ.

കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് ആരംഭിക്കാൻ നടപടി

15 (*525) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആർ. സെൽവരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടും അവയെ വടക്കേ ഇന്ത്യയിലെ മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ തുറമുഖങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടും ഒരു കോസ്റ്റൽ ഷിപ്പിംഗ് നെറ്റ് വർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ; പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുമോ ;

(ഡി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ സുരക്ഷിതത്വത്തിനായി കോസ്റ്റൽ സെക്യൂരിറ്റി നെറ്റ്വർക്ക് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ):

(എ) ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടൽ വഴിയുള്ള ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 200 ലക്ഷം രൂപ പ്രാഥമികമായി വകയിരുത്തിയിട്ടുള്ളതും പദ്ധതിയിൽ കോസ്റ്റൽ ഷിപ്പിംഗിനായി വെസ്സൽ വാങ്ങുന്നതുൾപ്പെടെ ലക്ഷ്യമിട്ടിട്ടുള്ളതുമാണ്. തീരദേശ ചരക്ക് ഗതാഗത വികസനത്തിനായി പദ്ധതി ആരംഭിച്ചിട്ടുണ്ട്. ചേമ്പർ ഓഫ് കോമേഴ്സ്, ചരക്ക് മൊത്ത വ്യാപാരികൾ, ഏജന്റുമാർ തുടങ്ങിയവരുമായി ചർച്ച നടത്തിവരുന്നു.

(സി) നമ്മുടെ സംസ്ഥാനത്തിന് ആവശ്യമുള്ള സാധന സാമഗ്രികൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും റോഡ്/റെയിൽ വഴിയാണ് വരുന്നത്. കടൽ മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന് റോഡ്/റെയിൽ എന്നിവയെ അപേക്ഷിച്ച് ചെലവ് കുറവാണ്. അന്തരീക്ഷ മലിനീകരണം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും. റോഡിലുള്ള തിരക്കും, അതുമൂലമുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും. പെട്രോളിയം ഉൽപ്പന്നങ്ങൾ, രാസവസ്തുക്കൾ എന്നിവ കര മാർഗ്ഗം കൊണ്ടു പോകുമ്പോഴുണ്ടാകുന്ന ദുരന്തങ്ങളും അപകടങ്ങളും കടൽമാർഗ്ഗം കൊണ്ടു പോകുമ്പോൾ ഒഴിവാക്കാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽ വഴി കൊണ്ടുവരുന്നതിന് തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും.

(ഡി) തുറമുഖങ്ങൾ, കോസ്റ്റൽ പോലീസ് സ്റ്റേഷൻ എന്നിവ പരസ്പരം ബന്ധിപ്പിക്കുന്നതിന് ബീക്കൺ ട്രാൻസ്മിറ്റർ സ്ഥാപിക്കും. തുറമുഖങ്ങളിൽ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നതിനും മൂന്ന് പട്രോളിംഗ് ബോട്ടുകൾ ഇതിനായി വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂരിലുള്ള സുരക്ഷാസൗകര്യങ്ങൾ വിലയിരുത്തി വരുത്തേണ്ട മാറ്റങ്ങളെപ്പറ്റിയുള്ള നിർദ്ദേശം ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗ് നൽകിക്കഴിഞ്ഞു. കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളുടെ സുരക്ഷാ സൗകര്യങ്ങൾ വിലയിരുത്തുന്നതിന് ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യത്തിനായി ഇന്ത്യൻ രജിസ്റ്റർ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് തുടർ നടപടികൾ ത്വരിതപ്പെടുത്താൻ ശ്രമിച്ചുവരുന്നു.

വികലാംഗർക്ക് തൊഴിൽ പരിശീലനം

16 (*526) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പ്രത്യേക കേന്ദ്രങ്ങൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly